# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 253 — 07/08/2017-ൽ മറുപടിക്ക്

## പനി ബാധിച്ച് മരിച്ചവർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഇപ്പോൾ പടർന്നുപിടിച്ചിരിക്കുന്ന വിവിധ പനികൾമൂലം എത്ര പേർ 31.7.2017 വരെ മരണപ്പെട്ടിട്ടുണ്ട്; സ്വകാര്യ ആശുപത്രികളിലെ ഉൾപ്പെടെയുള്ള കണക്ക് ലഭ്യമാക്കുമോ; | എ) | സംസ്ഥാനത്ത് ഇപ്പോൾ പടർന്നുപിടിച്ചിരിക്കുന്ന വിവിധ പനികൾമൂലം 31.7.2017 വരെ മരണപ്പെട്ടിട്ടുള്ളവരുടെ കണക്ക് അനുബന്ധം ആയി ചേർക്കുന്നു.<br>സ്വകാര്യആശുപത്രികളിലെ കണക്ക് ലഭ്യമല്ല. |
| ബി) | പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | ബി) | • പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുക നിരീക്ഷണവും ശക്തിപ്പെടുത്തി.<br>• പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ-സംസ്ഥാനതല വിദഗ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.<br>• കൊതുക സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ(ഫോഗിങ്ങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തു വരുന്നു.<br>• സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷിയോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി.<br>• മെയ് 19 നും ജൂൺ 19 നും സംസ്ഥാനതല RRT യോഗം 2 പ്രാവശ്യം കൂടി സംസ്ഥാനത്തെ പകർച്ചവ്യാധി സ്ഥിതിഗതികൾ വിലയിരുത്തി.<br>• ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17 നും ആയി രണ്ട് കേന്ദ്ര വിദഗ്ധ സംഘങ്ങൾ സംസ്ഥാനത്ത് എത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും |

➡

നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഈ നിർദ്ദേശപ്രകാരം കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി.

- മരുന്നുകൾ, ടെസ്റ്റുകിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.
- രോഗികൾക്ക് തൃപ്തികരമായ സേവനം നൽകുവാൻ ഒ.പി സമയം ദീർഘിപ്പിച്ചു.
- മഴക്കാലപൂർവ്വ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2/3/2017 നും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6/3/2017-നും യോഗം ചേർന്ന് പകർച്ചവ്യാധി പ്രതിരോധത്തിന് വിവിധ വകുപ്പുകളുമായി ചേർന്ന് സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്തു.
- ഗവ.മെഡിക്കൽ കോളേജ്, സ്വകാര്യ മെഡിക്കൽ കോളേജ് പ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടി സമയബന്ധിതമായി രോഗവിവരം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകി.
- ഐ.എം.എ വഴി സ്വകാര്യ മേഖലയിലെ ഡോക്ടർമാർക്ക് ഡങ്കി ചികിത്സാ മാനദണ്ഡങ്ങളെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി.
- പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, മൈക്ക് അനൗൺസ്മെന്റ്, ലഘുലേഖ വിതരണം, പോസ്റ്റർ, റയിൽവേസ്റ്റേഷൻ, സിനിമാ തീയേറ്റർ എന്നിവിടങ്ങളിൽ എൻ.എച്ച്.എം. -ന്റെ സഹായത്തോടെയുള്ള പകർച്ചവ്യാധി പ്രതിരോധ പ്രചരണങ്ങൾ എന്നിവ നടത്തി.

| | | | |
|---|---|---|---|
| **സി)** | പനിബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | **സി) യും ഡി) യും** | പനിമരണം സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്ന കാര്യം തല്ക്കാലം പരിഗണനയിലില്ല. |
| **ഡി)** | ഇല്ലെങ്കിൽ, അപകടത്തിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നൽകുന്ന തരത്തിൽ പനിമരണം സംഭവിച്ചവരുടെ കുടുംബങ്ങൾക്കും ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

# Death due to Communicable Disease in Feb to July 31, 2017

| District | Fever | sus Dengue | Dengue | sus lepto | lepto | Malaria | C. pox | Hepatatis A | AES | H1N1 |
|---|---|---|---|---|---|---|---|---|---|---|
| | 2017 Feb to July | 2017 Feb to July | 2017 Feb to July | 2017 Feb to July | 2017 Feb to July | 2017 Feb to July | 2017 Feb to July | 2017 Feb to July | 2017 Feb to July | 2017 Feb to July |
| TVM | 20 | 42 | 9 | 5 | 2 | 1 | 1 | 1 | 1 | 5 |
| KLM | 10 | 13 | 9 | 2 | 1 | - | 2 | - | - | 15 |
| PTA | - | - | 1 | 2 | - | - | - | 1 | - | 6 |
| IDK | 1 | - | - | 4 | - | - | - | - | - | 1 |
| KTM | 7 | 2 | - | 4 | - | - | 1 | 2 | - | 2 |
| ALP | - | 9 | - | 1 | 1 | - | - | - | - | - |
| EKM | 4 | 5 | - | 1 | - | - | - | - | - | 7 |
| TSR | 4 | 5 | - | 1 | 2 | - | 2 | - | - | 5 |
| PKD | 2 | 36 | 1 | 6 | 2 | - | 1 | - | 1 | 8 |
| MLP | 18 | 39 | 1 | 7 | - | - | - | 1 | - | 7 |
| KKD | 3 | 19 | 3 | 11 | 1 | - | 1 | 1 | - | 6 |
| WYD | - | - | - | - | - | - | - | - | - | 1 |
| KNR | - | 7 | - | - | - | - | - | - | - | 3 |
| KSD | 2 | - | - | 1 | 1 | - | - | - | - | 3 |
| Kerala | 71 | 177 | 24 | 45 | 10 | 1 | 8 | 6 | 2 | 69 |

സെക്ഷൻ ഓഫീസർ